പേഴ്സണൽ സ്റ്റാഫിന് മിനിമം പെൻഷൻ

114 (3043) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടേയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ച് സേവനം അനുഷ്ഠിച്ചിരുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ശമ്പള പരിഷ്ക്കരണത്തോടൊപ്പം പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ പെൻഷൻ പരിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പെൻഷൻ പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 5 വർഷം പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവർക്ക് അവരുടെ ജോലിഭാരം കണക്കിലെടുത്ത് സർക്കാർ സർവ്വീസിലേതുപോലെ മിനിമം പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കുറഞ്ഞത് 3 വർഷമെങ്കിലും പേഴ്സണൽ സ്റ്റാഫിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്ക് പെൻഷൻ നൽകാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പെൻഷൻ ലഭിക്കുന്നതിനുള്ള സർവ്വീസ്

115 (3044) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 വർഷത്തിൽ താഴെ ഗവൺമെന്റ് സർവ്വീസിലുണ്ടായിരുന്നവർക്ക് പെൻഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിശദവിവരം നൽകുമോ;

(സി) മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരുടെ പെൻഷൻ ഇപ്രകാരം തന്നെയാണോ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഈ ഉത്തരവ് പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് അനുവദിച്ചതുപോലെ 1982 മുതൽ മുൻകാല പ്രാബല്യമുണ്ടോ;

(ഇ) പേഴ്സണൽ സ്റ്റാഫിലുള്ളവർക്കും ഇതേപോലെ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തുവർഷത്തെ യോഗ്യസേവനകാലം ഇല്ലാത്ത കാരണത്താൽ പെൻഷന് അർഹതയില്ലാതെ സർവ്വീസിൽനിന്നും പിരിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്ക് അവരുടെ യോഗ്യസേവനകാലത്തിന്റെ ദൈർഘ്യ ത്തിനനുസരിച്ച് ഒരു ക്ലിപ്ത തുക പ്രതിമാസപെൻഷനും അതിന്റെ ക്ഷാമാ ശ്വാസവും ലഭിക്കും.

(സി) അല്ല. 55 വയസ്സിൽ പെൻഷൻപറ്റി പിരിയുന്നതും എന്നാൽ പത്തുവർഷത്തെ സേവന ദൈർഘ്യം ഇല്ലാത്ത കാരണത്താൽ പെൻഷന് അർഹതയില്ലാത്ത സർക്കാർ ജീവനക്കാർക്കാണ് ഈ പെൻഷൻ പദ്ധതി വിഭാ വനം ചെയ്യുന്നത്.

(ഡി) ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) പരിഗണനയിലില്ല.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച്

116 (3045) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും തടസ്സം നില നിൽക്കുന്നുണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബ ന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെ തിരെ ഹൈക്കോടതിയിൽ ജ്യോതി എസ്.എസ്. എന്നൊരാൾ ഫയൽ ചെയ്ത ഒ.പി. 20042/98-ൽ സ്റ്റേ ഉത്തരവ് നിലവിലുണ്ട്.

വിലവർദ്ധനവ് തടയാൻ മുൻകരുതൽ നടപടികൾ

117 (3046) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണക്കാലത്ത് വിപണിയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓണക്കാ ലത്തെ വില വർദ്ധനവ് തടയാൻ എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരി ച്ചിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സ്വകാര്യ കച്ചവടക്കാരൻ കൃത്രിമ വിലക്കയറ്റം സൃഷ്ടി ക്കാതിരിക്കാൻ പൊതു വിതരണ രംഗം ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവിത

LIBRARY ARCHIVES Kerala Legislative Assembly